# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1580 10/02/2020-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ ഫ്ലാറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ നിർമ്മിക്കാൻ തീരുമാനിച്ച ഫ്ലാറ്റുകളിൽ എത്രയെണ്ണം പണി പൂർത്തിയായി എന്ന് അറിയിക്കാമോ; | എ) | ലൈഫ് മിഷൻ നിർമ്മിക്കാൻ തീരുമാനിച്ച 85 ഫ്ലാറ്റുകളിൽ ഒരെണ്ണം അടിമാലി ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടനം ചെയ്ത് 163 കുടുംബങ്ങൾക്ക് നൽകുകയും ബാക്കിയുള്ളവയുടെ നിർമ്മണം സംബന്ധിച്ച നടപടികൾ വിവിധ ഘട്ടത്തിലുമാണ്. |
| ബി) | ഓരോ ഫ്ലാറ്റിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ? | ബി) | ഭൂരഹിത ഭവന രഹിതർക്ക് 2020 ഒക്ടോബറോട്ടുകൂടി സംസ്ഥാനത്ത് 85 ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.<br>എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങൾക്കും, 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോട്ടുകൂടി ബനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി മാതൃകയിൽ) ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് |

| | | | |
|---|---|---|---|
| | | | മിഷന്റെ സഹായത്തോട്ടുകൂടി ജി.സി.ഡി.എ യുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോട്ടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകളടങ്ങിയ ഭവന സമുച്ചയ നിർമ്മണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവന സമുച്ചയം ലൈഫ് മിഷൻ സഹായത്തോട്ടുകൂടി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാരംഭനടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2) ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3) ഭവനസമുച്ചയങ്ങളുടെ നിർമ്മണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ ആരംഭിച്ചിട്ടുണ്ട്.<br>സഹകരണവകുപ്പിന്റെ കെയർഹോം പദ്ധതയിലൂടെയും 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. |

| | | |
|---|---|---|
| | | ഇതിനു പുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ